LIBRARY ARCHIVES Kerala Legislative Assembly

## ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കാൻ നടപടി

88 [1067] ശ്രീ. സി. ടി. അഹമ്മദ് അലി:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ കളത്തിൽ അബ്ദുള്ള:
„ കെ. എൻ. എ. ഖാദർ:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടിയുടെ ഫലമായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മുൻവർഷത്തേക്കാൾ മത്സ്യസമ്പത്ത് എത്ര കണ്ടു വർദ്ധിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഇനം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001-02-ൽ 78039 മെ.ടൺ, 2002-03-ൽ 75036 മെ.ടൺ, 2003-04-ൽ 76279 മെ.ടൺ എന്നീ തോതിലാണ് മത്സ്യോൽപ്പാദനം നടന്നത്.

(ബി ആന്റ് സി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ വിതരണം ചെയ്തു വരുന്ന ത്വരിത വളർച്ചയുള്ള വളർത്തു മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെത്തന്നെയാണ് ഇനിയും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. കട്ല, റോഹു, മൃഗാൽ, സൈപ്രിനസ്, ഗ്രാസ്കാർപ്പ്, സിൽവർ കാർപ്പ് തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുന്നത്.

## മത്സ്യബന്ധന തുറമുഖങ്ങൾ നവീകരിക്കുവാനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടി

89 [1068] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖങ്ങൾ നവീകരിക്കാനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താനും കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) അനുവദിച്ച് കിട്ടിയ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളാണ് നവീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) ഇതിനായി എന്തു തുക വേണ്ടിവരുമെന്നും ഈ പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്നും വെളിപ്പെടുത്തുമോ?